9656
26/4/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവല്ല നഗരസഭ - തിരുവല്ല ടൗണിൽ ടി.കെ.റോഡും എം.സി. റോഡും കൂടിച്ചേരുന്ന സ്ഥലത്ത് 3 സെന്റ് സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കുന്നതിന് തിരുവല്ല നഗരസഭയ്ക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1269/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 21.04.2017.

പരാമർശം - 1) തിരുവല്ല നഗരസഭ കൗൺസിലിന്റെ 13.02.2017 ലെ 5-ാം നമ്പർ തീരുമാനം.
2) തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ 23.03.2017 ലെ ഇ 2/16561/16 നമ്പർ കത്ത്
3) നഗരകാര്യ ഡയറക്ടറുടെ 05/04/2017 - ലെ ജി3 – 7421/2017 നമ്പർ കത്ത്

**ഉത്തരവ്**

തിരുവല്ല ടൗണിൽ ടി.കെ.റോഡും എം.സി. റോഡും കൂടിച്ചേരുന്ന സ്ഥലത്ത് ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് തിരുവല്ല താലൂക്കിൽ കാവുംഭാഗം വില്ലേജിൽ ബ്ലോക്ക് നം. 204 സർവ്വെ നം.35/4 ൽപ്പെട്ട 3 സെന്റ് സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള കത്തിനോടൊപ്പം തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല ടൗണിൽ അനുഭവപ്പെടുന്ന ഗതാഗത തടസ്സം ഒഴിവാക്കുന്നതിനായി ടി.കെ.റോഡും എം.സി. റോഡും കൂടിച്ചേരുന്ന സ്ഥലത്ത് 3 സെന്റ് സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കുന്നതിന് തിരുവല്ല നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവല്ല നഗരസഭ
ജില്ലാ കളക്ടർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ